**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാരായവർ ആരെല്ലാമാണെന്ന് പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി 18/07/2025-ൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം സ്കൂൾ സുരക്ഷയും കുട്ടികളുടെ സുരക്ഷയും ദൈനംദിനം ശ്രദ്ധിക്കേണ്ടതും ആയതുമായി ബന്ധപ്പെട്ട സുരക്ഷ ഒരുക്കേണ്ടതും സുരക്ഷാക്രമീകരണങ്ങളിൽ ഏതെങ്കിലും അപാകതയുണ്ടെങ്കിൽ ആയത് പരിശോധിച്ച് പരിഹരിക്കേണ്ടതും സ്കൂൾ പ്രഥമാദ്ധ്യാപകന്റെ ഉത്തരവാദിത്തമാണ്.ആയതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി ബോധ്യപ്പെട്ടതിനാൽ പ്രഥമാദ്ധ്യാപികയെ ഉടൻ പ്രാബല്യത്തിൽ അടിയന്തരമായി സസ്പെന്റ് ചെയ്യുന്നതിന് ചെയ്യുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന മാനേജർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിരുന്നു. തുടർന്ന് പ്രഥമാധ്യാപികയായിരുന്ന ശ്രീമതി സുജ എസ്.നെ വേലവിലക്കി 18/07/2025-ലെ 67/2025 പ്രകാരം മാനേജർ ഉത്തരവായിട്ടുണ്ട്.<br><br>കെ.ഇ.ആർ. അദ്ധ്യായം 111, ചട്ടം 9 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും അതത് സമയങ്ങളിൽ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി ക്രമീകരണങ്ങൾ നടത്തേണ്ടതും സ്കൂൾ മാനേജുമെന്റുകളാണ്. എന്നാൽ, ഇത്തരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ പ്രസ്തുത മാനജുമെന്റിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.ആയതിനാൽ കെ.ഇ.ആർ. അദ്ധ്യായം 111, ചട്ടം 7 പ്രകാരം മാനേജുമെന്റിനെതിരെ നടപടി സ്വീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | രേഖാമൂലം നോട്ടീസ് നൽകി 3 ദിവസത്തിനകം മറുപടി ലഭ്യമാക്കുന്നതിന് മാനേജർക്ക് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന്മേൽ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാനെ മാനേജർ സ്ഥാനത്ത് നിന്നും അയോഗ്യനാക്കി 26/07/2025-ലെ വിഎ3/14567/2025/ഡിജിഇ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അന്നത്തെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്ന കൊല്ലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീ.ആന്റണി പീറ്ററിന്റെ വിശദീകരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു . ടിയാന്റെ സേവന വിവരങ്ങളും ടിയാന്റെ വിശദീകരണത്തിന്മേൽ വസ്തുനിഷ്ഠമായ അഭിപ്രായവും ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | സുരക്ഷ ഒരുക്കുന്നതിൽ വീഴ്ചവരുത്തിയ മാനേജ്മെന്റിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (ബി) | കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി 18/07/2025-ൽ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം സ്കൂൾ സുരക്ഷയും കുട്ടികളുടെ സുരക്ഷയും ദൈനംദിനം ശ്രദ്ധിക്കേണ്ടതും ആയതുമായി ബന്ധപ്പെട്ട സുരക്ഷ ഒരുക്കേണ്ടതും സുരക്ഷാക്രമീകരണങ്ങളിൽ ഏതെങ്കിലും അപാകതയുണ്ടെങ്കിൽ ആയത് പരിശോധിച്ച് പരിഹരിക്കേണ്ടതും സ്കൂൾ പ്രഥമാദ്ധ്യാപകന്റെഉത്തരവാദിത്തമാണ്.ആയതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി ബോധ്യപ്പെട്ടതിനാൽ പ്രഥമാദ്ധ്യാപികയെ ഉടൻ പ്രാബല്യത്തിൽ അടിയന്തരമായി സസ്പെന്റ് ചെയ്യുന്നതിന് ചെയ്യുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന മാനേജർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിരുന്നു. തുടർന്ന് പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി സുജ എസ്.നെ വേലവിലക്കി 18/07/2025-ലെ 67/2025 പ്രകാരം മാനേജർ ഉത്തരവായിട്ടുണ്ട് .<br><br>കെ.ഇ.ആർ. അദ്ധ്യായം 111, ചട്ടം 9 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും അതത് സമയങ്ങളിൽ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി ക്രമീകരണങ്ങൾ നടത്തേണ്ടതും സ്കൂൾ മാനേജ്മെന്റുകളാണ്. എന്നാൽ, ഇത്തരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത മാനജ്മെന്റിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.ആയതിനാൽ കെ.ഇ.ആർ. അദ്ധ്യായം 111, ചട്ടം 7 പ്രകാരം മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കുന്നതിന് രേഖാമൂലം നോട്ടീസ് നൽകി 3 ദിവസത്തിനകം മറുപടി ലഭ്യമാക്കുന്നതിന് മാനേജർക്ക് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന്മേൽ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാനെ മാനേജർ സ്ഥാനത്ത് നിന്നും അയോഗ്യനാക്കി 26/07/2025-ലെ വിഎ3/14567/2025/ഡിജിഇ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അന്നത്തെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്ന കൊല്ലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീ.ആന്റണി പീറ്ററിന്റെ വിശദീകരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു . ടിയാന്റെ സേവന വിവരങ്ങളും ടിയാന്റെ വിശദീകരണത്തിന്മേൽ വസ്തുനിഷ്ഠമായ അഭിപ്രായവും ലഭ്യമാക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | അദ്ധ്യയനവർഷം ആരംഭിക്കുന്നതിന് മുൻപ് സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കണമെന്ന നിർദേശം പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കണമെന്ന നിർദേശം പാലിക്കാത്തവർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി കർശന നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ